15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4344 — 06-03-2023 - ൽ മറുപടിയ്ക്ക്

## വെള്ളൂരിലെ കേരള പേപ്പർ പ്രൊഡക്ട് ലിമിറ്റഡിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. പി. നന്ദകുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ഏറ്റെടുത്ത വെള്ളൂരിലെ കേരള പേപ്പർ പ്രൊഡക്ട് ലിമിറ്റഡ് പ്രതിദിനം പത്രങ്ങൾക്ക് വേണ്ടി കടലാസ് ഉല്പാദിപ്പിച്ച് നൽകണമെന്ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; പത്രങ്ങൾ കൂടുതൽ ഓർഡറുകൾ നൽകിയാൽ അതിനുള്ള ഉല്പാദന ശേഷി നിലവിൽ ഈ സ്ഥാപനത്തിനുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരള പേപ്പർ പ്രൊഡക്ട് ലിമിറ്റഡ് പ്രതിദിനം പത്രങ്ങൾക്ക് വേണ്ടി കടലാസ് ഉല്പാദിപ്പിച്ച് നൽകണമെന്ന് കരാറിൽ ഏർപ്പെട്ടിട്ടില്ല. എങ്കിലും കേരളത്തിനകത്തും പുറത്തുമുള്ള പത്രസ്ഥാപനങ്ങൾക്ക് ആവശ്യാനുസരണം പത്രക്കടലാസ് നിർമ്മിച്ച് നൽകുവാൻ തുടങ്ങിയിട്ടുണ്ട്. അടുത്ത സാമ്പത്തികവർഷം പത്രസ്ഥാപനങ്ങളുമായി വിപണനവുമായി ബന്ധപ്പെട്ടുള്ള കരാറുകളിൽ ഏർപ്പെടുവാൻ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് ഉദ്ദേശിക്കുന്നു.<br><br>പത്രങ്ങൾ കൂടുതൽ ഓർഡറുകൾ നൽകിയാൽ അത് സ്വീകരിക്കുന്നതിനുള്ള ഉൽപ്പാദനശേഷി കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് ഉണ്ട്. പൂർണ്ണ ഉൽപ്പാദനശേഷി കൈവരിക്കുന്നതോടെ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് പ്രതിമാസം 9000 ടൺ പത്രക്കടലാസ്സ് ഉല്പാദിപ്പിക്കുവാൻ കഴിയും. നിലവിലെ ആഭ്യന്തര വിപണന സാഹചര്യത്തിൽ മതിയായ ഉൽപ്പാദനശേഷി സ്ഥാപനത്തിന് ഉണ്ട്. |
| (ബി) | കേരള പേപ്പർ പ്രോഡക്ട് ലിമിറ്റഡിൽ കടലാസ് നിർമ്മാണത്തിനുള്ള പൾപ്പിന്റെ ഗുണനിലവാരം ഉയർത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതുവഴി എന്തൊക്കെ പ്രയോജനങ്ങളാണ് പ്രതീക്ഷിക്കുന്നത്; | (ബി) | കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിൽ പത്രക്കടലാസ് നിർമ്മാണത്തിന് വേണ്ടിയുള്ള പൾപ്പ് ഉല്പാദനത്തിന് തടിയും, പാഴ്കടലാസ്സും ആണ് അസംസ്കൃതവസ്തുക്കൾ ആയി ഉപയോഗിക്കുന്നത്. വനം വകുപ്പിനു കീഴിലുള്ള പൾപ്പ് മരങ്ങളുടെ തോട്ടങ്ങളിൽ നിന്നാണ് ഗുണമേന്മയുള്ള തടി ലഭ്യമാക്കുന്നത്. പാഴ്കടലാസ് പ്രാദേശികമായി ശേഖരിക്കുന്നതോടൊപ്പം കേരളത്തിലെ എല്ലാ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെയും ഗുണമേന്മയുള്ള പാഴ്കടലാസ് കെ. പി. പി. എല്ലിന് ലഭ്യമാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കടലാസ് നിർമ്മാണത്തിനുള്ള |

| | | | |
|---|---|---|---|
| | | | പൾപ്പിന്റെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി മൂന്ന് പൾപിങ് പ്ലാന്റുകളിലെ യന്ത്രഭാഗങ്ങളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിച്ച് നവീകരിക്കുകയുണ്ടായി. |
| (സി) | പ്രസ്തുത കമ്പനിയിൽ കടലാസ് നിർമ്മിക്കുന്നതിനാവശ്യമായ പൾപ്പ് ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഉണ്ട്; പത്രക്കടലാസ് നിർമ്മിക്കുന്നതിനുള്ള പൾപ്പ് ഉൽപ്പാദിപ്പിക്കുന്നതിനായി മെക്കാനിക്കൽ പൾപിങ് പ്ലാന്റ്, കെമിക്കൽ പൾപിങ് പ്ലാന്റ്, ഡി ഇങ്കിങ് പൾപിങ് പ്ലാന്റ് എന്നിവ പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ